**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1910** **15-03-2022 - ൽ മറുപടിയ്ക്ക്**

**ശബരി റെയിൽപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്** | | **null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ശബരി റെയിൽവേയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ റെയിൽവേ ബോർഡ് കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) | ശബരി പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനു റെയിൽവേ ബോർഡ് കെ-റെയിലിനോട് നിർദ്ദേശിച്ചിട്ടുണ്ട് |
| (ബി) | അങ്കമാലി മുതൽ എരുമേലി വരെയുള്ള ഭാഗത്തെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് എന്നത്തേയ്ക്ക് സമർപ്പിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | അങ്കമാലി-രാമപുരം (70 കി.മീ) എസ്റ്റിമേറ്റ് പുതുക്കി റെയിൽവേ യുടെ പരിഗണനയ്ക്കായി സമർപ്പിച്ചു (08.05.21). രാമപുരം-എരുമേലി (40 കി.മീ) ഭാഗത്തിന്റെ എസ്റ്റിമേറ്റ് പുതുക്കൽ പുരോഗമിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ലിഡാർ സർവ്വേ ഇതിനോടകം തന്നെ പൂർത്തികരിച്ചു കഴിഞ്ഞു. |
| (സി) | ശബരി റെയിൽവേക്കായി ഇരുപത് വർഷം മുമ്പ് കല്ലിട്ട് തിരിച്ച സ്ഥലത്തിന്റെ ഉടമകൾക്ക് സ്ഥലം ഈട് വെച്ച് വായ്പ എടുക്കാനോ വീട് നിർമ്മിക്കാനോ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. 1997-98 ലെ റെയിൽവെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് എരുമേലി വഴിയുള്ള ശബരി റെയിൽ പാത. അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കാൻ തയ്യാറാണെന്നു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം സംസ്ഥാന റെയിൽ വകുപ്പ മന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തു. പദ്ധതി തുടർന്ന് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് അങ്കമാലി - ശബരി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതി റെയിൽവേ ബോർഡ് തുടർന്ന് നിർഘനീഭവിപ്പിക്കുന്ന മുറക്ക് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുമ്പോട്ടു പോകുവാൻ സാധിക്കുന്നതാണ്. |
| (ഡി) | 2021-22ലെ സംസ്ഥാന ബജറ്റിൽ കിഫ്ബിയിൽ നിന്നും അനുവദിച്ച 2000 കോടി രൂപ ഉപയോഗിച്ച് | (ഡി) | ഉണ്ട്. 1997-98 ലെ റെയിൽവെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് എരുമേലി വഴിയുള്ള |

| | | | |
|---|---|---|---|
| | സ്ഥലം ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | | ശബരി റെയിൽ പാത. അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കാൻ തയ്യാറാണെന്നു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം സംസ്ഥാന റെയിൽ വകുപ്പ് മന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തു. പദ്ധതി തുടർന്ന് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് അങ്കമാലി - ശബരി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതി റെയിൽവേ ബോർഡ് തുടർന്ന് നിർഘനീഭവിപ്പിക്കുന്ന മുറക്ക് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുമ്പോട്ടു പോകുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ